**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *156** **03.10.2016-ൽ മറുപടിക്ക്**

**ക്ലീൻ കാമ്പസ് സേഫ് കാമ്പസ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കുമോ; | (എ) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്നുകളുടെ ഉപയോഗവും അതുമായി ബന്ധപ്പെട്ട ഗുരുതരമായ സാമൂഹ്യ വിപത്തുകളും ഇല്ലാതാക്കുന്നതിനു വേണ്ടിയാണ് ടി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (ബി) ഏതൊക്കെ വകുപ്പുകളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകൾ സംയുക്തമായാണ് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| (സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) സ്കൂൾ-കോളേജ് ക്യാമ്പസുകളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിയ്ക്കുകയും, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം വളർത്തുന്നതിന് സെമിനാറുകളും കൗൺസിലിങ്ങുകളും നടത്തുക, ലഹരിയുടെ ദൂഷ്യവശങ്ങൾക്ക് വിധേയരായ വ്യക്തികളുടെ ദുരനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുക, വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ലഹരി വിരുദ്ധ ചിന്താഗതി വളർത്തിയെടുക്കുന്നതിന് ഉതകുന്ന പ്രചാരണ പരിപാടികൾ സംഘടിപ്പിയ്ക്കുക, ലഹരി ഉപഭോഗം വഴി കുട്ടികളിൽ ഉണ്ടാകുന്ന മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ, ഇതുവഴിയുണ്ടാകാവുന്ന ക്രിമിനൽ വാസന എന്നിവ ഇല്ലായ്മ ചെയ്ത് മികച്ച അക്കാദമിക് നിലവാരം ഉയർത്തുകയുമാണ് ഇതിന്റെ മുഖ്യ പ്രവർത്തനങ്ങൾ. |

| | |
|---|---|
| (ഡി) പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം വിലയിരുത്താൻ ഈ കമ്മിറ്റികൾ സമയബന്ധിതമായി യോഗം ചേരാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ തല കമ്മിറ്റിയുടെ (SLMC) ചുമതല സ്കൂളിന്റെ തലവനും ജില്ലാ തല ചുമതല (DLMC) ജില്ലാ കലക്ടർക്കും സംസ്ഥാന തല (SLMC) ചുമതല ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കുമാണ്. |

സെക്ഷൻ ഓഫീസർ